## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 600

02.12.2014-ൽ മറുപടിക്ക്

### ഭവന വായ്പ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ:

ഒരു ലക്ഷത്തിന് താഴെ വരുമാനമുള്ളവർക്ക് 4% പലിശയിൽ ഭവന വായ്പ നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയാണ് നൽകുന്നത്: ഏത് മാർഗ്ഗത്തിലൂടെയാണ് തുക കണ്ടെത്തുന്നത്: എത്ര പേർക്ക് ഈയിനത്തിൽ തുക അനുവദിച്ചിട്ടുണ്ട്?

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശക്ക് വായ്പ നൽകുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന "സൗഭാഗ്യ ഭവന പദ്ധതി" സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ദുർബ്ബല വരുമാന വിഭാഗക്കാർക്ക് 4% പലിശയ്ക്ക് ഭവന വായ്പ അനുവദിക്കുന്ന പദ്ധതിയാണ് പരിശോധനയിലുള്ളത്. ഇതിൻ പ്രകാരം ദുർബ്ബല വരുമാന വിഭാഗക്കാർക്ക് ഹഡ്കോയിൽ നിന്ന് വായ്പയെടുത്ത് ഹഡ്കോയുടെ നിബന്ധനകൾക്ക് വിധേയമായി 2.5 ലക്ഷം രൂപ വീതം വായ്പ അനുവദിക്കുവാനാണ് വിഭാവനം ചെയ്യുന്നത്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ